# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എയ്ഡ്സ് ബാധിതരായ കുട്ടികളുടെ പുനരധിവാസത്തിന് ഗ്ലോബൽ കേരളാ ഇനിഷ്യേറ്റീവ് കേരളീയം നടപ്പാക്കുന്ന പദ്ധതികളുടെ ധനശേഖരണാർത്ഥം എയ്ഡ്സ് ബോധവൽക്കരണ സ്റ്റാമ്പുകൾ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് —യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.883/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 27.02.2016

---

പരാമർശം:- 1. സ.ഉ.(സാധാ)നം.1990/2011/തസ്വഭവ തീയതി 23.08.2011.

2. ജി.ഒ.(എം.എസ്)നം.58/2006/ത.സ്വ.ഭ.വ. തീയതി: 16.02.2006.

3. ഗ്ലോബൽ കേരള ഇനിഷ്യേറ്റീവ് കേരളീയം എന്ന സംഘടനയുടെ ചെയർമാന്റെ 11.02.2016 ലെ 121/ജികെ1/LSGD-സ്റ്റാമ്പ്/02/16 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

എച്ച്.ഐ.വി. ബാധിതരായ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും ആശ്വാസമെത്തിക്കുന്നതിനുമായി പ്രവർത്തിക്കുന്ന സംഘടനയാണ് ഗ്ലോബൽ കേരള ഇനിഷ്യേറ്റീവ് കേരളീയം . ടി സംഘടനയുടെ സാന്ത്വനം എന്ന പദ്ധതിയിലൂടെ കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ ആയിരക്കണക്കിന് എച്ച്.ഐ.വി. ബാധിത കുട്ടികൾക്ക് നേരിട്ട് സാമ്പത്തികസഹായം നൽകിയിട്ടുണ്ടെന്നും ടി സംഘടനയുടെ സാമ്പത്തിക സഹായ പദ്ധതികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് പരാമർശം (1)ലെ സർക്കാർ ഉത്തരവിലെ നടപടിക്രമമനുസരിച്ച് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്ക് 20,000/- രൂപയിൽ കുറയാത്ത തുകയ്ക്കുള്ള എയ്ഡ്സ് ബോധവൽക്കരണ സ്റ്റാമ്പുകൾ വാങ്ങുന്നതിന് അനുമതി നൽകണമെന്നും പരാമർശം (3)ലെ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കുകൂടി പങ്കാളിത്തമുള്ള സൗജന്യ ചികിത്സാ ക്യാമ്പ്/ ചികിത്സാ പദ്ധതികൾ തുടങ്ങിയവയ്ക്കായി മാറ്റിവെച്ചിട്ടുള്ള ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ എയ്ഡ്സ് രോഗം ബാധിച്ച കുട്ടികളുടെ വിദ്യാഭ്യാസ-ആരോഗ്യപരിപാലന ചെലവുകൾക്കായി 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപയിൽ കുറയാത്ത തുകയ്ക്കുള്ള എയ്ഡ്സ് ബോധവൽക്കരണ സ്റ്റാമ്പുകൾ വാങ്ങി കേരളീയത്തിന്റെ എച്ച്.ഐ.വി. പുനരധിവാസ പദ്ധതിയെ സഹായിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
പി. റംലത്ത്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചെയർമാൻ, ഗ്ലോബൽ കേരള ഇനിഷ്യേറ്റീവ് കേരളീയം, ടി.സി.9/2112 (7), കിളിച്ചേട്ടൻ ലെയിൻ, ശാസ്തമംഗലം പി.ഒ.തിരുവനന്തപുരം